(സി) പ്രസ്തുത ഓഫീസ് പ്രവർത്തനം ആരംഭിക്കുവാനായി 2014 ഫെബ്രുവരി 18-ന് താക്കോൽ സ്വീകരിച്ചിട്ടും പ്രവർത്തനം മാറ്റാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ടഷറി പ്രവർത്തിപ്പിക്കുവാനാവശ്യമായ അടിസ്ഥാന നിർമ്മാണ പ്രവൃത്തികൾ മിനി സിവിൽ സ്റ്റേഷനിൽ പൂർത്തിയാക്കുവാനുണ്ടായിരുന്നതു കൊണ്ടാണ് കിളിമാനൂർ സബ്ടഷറിയുടെ പ്രവർത്തനം ഇതുവരെ മാറ്റാതിരുന്നത്.

(ബി) ഉണ്ട്.

(സി) ഉണ്ട്. ടഷറി പ്രവർത്തിപ്പിക്കുവാനാവശ്യമായ അടിസ്ഥാന നിർമ്മാണ പ്രവൃത്തികൾ കഴിഞ്ഞമാസം പൂർത്തിയാക്കി ടഷറി മാറ്റി പ്രവർത്തിപ്പിക്കുന്നതിനുള്ള അനുമതി ഉത്തരവിനായി 4-6-2015-ൽ ടഷറി ഡയറക്ടർ ലഭ്യമാക്കിയ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

## കാരുണ്യ ലോട്ടറി

**196 (541)** ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ലോട്ടറി ആരംഭിച്ചതിനുശേഷം 2015 മേയ് 15 വരെയുള്ള നടത്തിപ്പിൽ സർക്കാരിന് ലഭിച്ച മൊത്തം വരുമാനം എത്ര കോടി രൂപയാണ് ; ഇതേ കാലയളവിൽ കാരുണ്യ പദ്ധതി പ്രകാരമുള്ള സഹായത്തിന് ലഭിച്ച അപേക്ഷകൾ എത്ര ; എത്ര പേർക്ക് മൊത്തം എന്ത് തുക സഹായധനമായി നൽകുകയുണ്ടായി ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) 2015 മേയ് 15-ന് എത്ര അപേക്ഷകർക്ക് സഹായം നൽകാൻ ബാക്കി നിൽപ്പുണ്ടായിരുന്നു ;

(സി) കാരുണ്യ ലോട്ടറിയിലൂടെ ലഭിച്ച വരുമാനത്തിൽ 2015 മേയ് 15-ന് ബാക്കി നിൽപ്പുണ്ടായിരുന്ന തുക എത്രയായിരുന്നു ;

(ഡി) നിലവിൽ എത്ര കോടി രൂപയുടെ സഹായത്തിനുള്ള അപേക്ഷകൾ പരിഗണനയിലിരിക്കുന്നു ;

(ഇ) കാരുണ്യ ലോട്ടറി ആരംഭിച്ചതിനുശേഷം 2015 മേയ് വരെ പദ്ധതി നടത്തിപ്പിൽ വിവിധ ഇനങ്ങളിലായി ചെലവായ മൊത്തം തുക എത്ര ; വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കാരുണ്യ ലോട്ടറി നടത്തിപ്പിലൂടെ 24-9-2011മുതൽ 9-5-2015 വരെ 2033.17 കോടി രൂപ സമാഹരിക്കുകയും അറ്റാദായമായി ഏകദേശം 434.57 കോടി രൂപ ലഭിക്കുകയും ചെയ്തിട്ടുണ്ട്. കാരുണ്യ പ്ലസ് ഭാഗ്യക്കുറിയിൽനിന്നും 3-4-2014 മുതൽ 14-5-2015 വരെ ഏകദേശം 146 കോടി രൂപ അറ്റാദായമായി ലഭിച്ചിട്ടുണ്ട്. കാരുണ്യ, കാരുണ്യ പ്ലസ് ഭാഗ്യക്കുറികളുടെ ആകെ അറ്റാദായത്തിൽ നിന്നും 540 കോടി രൂപ അലോട്ട്മെന്റ് മുഖേന കാരുണ്യ ബെനവലന്റ് ഫണ്ടിന് കൈമാറിയിട്ടുണ്ട്.

30-5-2015 വരെ കാരുണ്യ പദ്ധതി പ്രകാരമുള്ള സഹായത്തിന് ഏകദേശം 96,351 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 92,458 പേർക്ക് 746.76 കോടി രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം അനുവദിച്ചിട്ടുള്ള 746.76 കോടി രൂപയിൽ 583.97 കോടി രൂപയ്ക്കുള്ള ചികിത്സാ ധനസഹായമാണ് ബന്ധപ്പെട്ട ആശുപത്രികളിലേക്ക് വിതരണം ചെയ്തിട്ടുള്ളത്.

(ബി) 2015 മേയ് 15 വരെ ഏകദേശം 17,392 അപേക്ഷകർക്ക് ധനസഹായം നൽകാൻ ബാക്കി നിൽപ്പുണ്ടായിരുന്നു.

(സി) കാരുണ്യ ഭാഗ്യക്കുറിയുടെ നടത്തിപ്പിലൂടെ 24-9-2011 മുതൽ 9-5-2015 വരെ ഏകദേശം 434.57 കോടി രൂപയും കാരുണ്യ പ്ലസ് ഭാഗ്യക്കുറിയുടെ നടത്തിപ്പിലൂടെ 3-4-2014 മുതൽ 14-5-2015 വരെ ഏകദേശം 146 കോടി രൂപയും ഉൾപ്പെടെ ആകെ 580.57 കോടി രൂപ അറ്റാദായമായി ലഭിച്ചിട്ടുണ്ട്. ഇതിൽ 540 കോടി രൂപ അലോട്ട്മെന്റ് മുഖേന കാരുണ്യ ബെനവലന്റ് ഫണ്ടിന് കൈമാറിയിട്ടുണ്ട്.

(ഡി) നിലവിൽ 45.46 കോടി രൂപയുടെ സഹായത്തിനുള്ള അപേക്ഷകൾ പരിഗണനയിലിരിക്കുന്നു.

(ഇ) ആകെ 583.97 കോടി രൂപ ചെലവായിട്ടുണ്ട്. ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| | |
|---|---|
| ഗവൺമെന്റ് ഹോസ്പിറ്റൽ | 5,32,88,17,070 |
| പ്രൈവറ്റ് ഹോസ്പിറ്റൽ | 41,61,13,515 |



LIBRARY ARCHIVES Kerala Legislative Assembly

| | | |
|---|---|---|
| സ്പെഷ്യൽ സാങ്ഷൻ | | 2,53,29,710 |
| റീഇംബേഴ്സ്മെന്റ് | | 3,24,93,409 |
| ഭരണപരമായ ചെലവുകൾ | | 3,69,50,234 |
| | ആകെ | 583.97 കോടി രൂപ |

## കാരുണ്യ ലോട്ടറി ലെയ്സൺ ഓഫീസർ നിയമനം

**197 (542)** ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ലോട്ടറിയിൽ ലെയ്സൺ ഓഫീസർമാരായി നിയമിച്ച താത്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നീക്കമുണ്ടോ ;

(ബി) എങ്കിൽ കേരള ലോട്ടറിയുടെ ഭാഗമായി അതേ ഓഫീസിൽ പ്രവർത്തിക്കുന്ന കാരുണ്യ ലോട്ടറി വിഭാഗത്തിലേക്ക്, ലോട്ടറി വകുപ്പിൽനിന്ന് ജോലിക്കാരെ നിയമിക്കുകയോ യോഗ്യതയുള്ളവരെ ഡെപ്യൂട്ടേഷനിൽ നിയമിക്കുകയോ ചെയ്യാതെ താത്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താനുള്ള പ്രസ്തുത നീക്കം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത നടപടികൾക്കെതിരെ യൂണിയനുകൾ പ്രക്ഷോഭത്തിനൊരുങ്ങുന്നത് പരിഗണിച്ച് താത്ക്കാലികമായി നിയമിച്ച ലെയ്സൺ ഓഫീസർമാരെ പിരിച്ചുവിടാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ബാധകമല്ല.

## കാരുണ്യ ചികിത്സാ പദ്ധതി

**198 (543)** ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ചികിത്സാ പദ്ധതി പ്രകാരം നിയമസഭാ സമാജികർ നൽകുന്ന ശിപാർശകളിന്മേൽ അവർക്ക് മറുപടി നൽകുന്ന കാര്യം സർക്കാർ പരിശോധിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly